# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.T 2249 - 05/02/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ്പാ തിരിച്ചടവ് പദ്ധതി

ചോദ്യം

ശ്രീ. കെ. എൻ. എ ഖാദർ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പ്പാ തിരിച്ചടവ് പദ്ധതി ആനുകൂല്യത്തിനായി അപേക്ഷിച്ച വിദ്യാർഥികളിൽ 2016 മാർച്ച് മാസം വരെ വായ്പ്പ കുടിശ്ശികയായവരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വായ്പ്പ എടുത്ത വിദ്യാർത്ഥികളുടെ രേഖകൾ റിലയൻസിന് കൈമാറിയിട്ടുള്ളതിനാൽ, പ്രസ്തുത വിദ്യാർത്ഥികൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കാൻ സാധിക്കാതെ പ്രതിസന്ധിയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി (ARC)-ക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ധനസഹായം നൽകുന്നത് പരിഗണിക്കാൻ കഴിയുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാലാണ് ഇങ്ങനെ കൈമാറിയ വായ്പകൾക്ക് സർക്കാർ ധനസഹായം നൽകാൻ കഴിയാത്തത്. |
| ബി | എങ്കിൽ, ആയത് പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | |
| സി | സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പ്പാ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; ഇതിന്റെ നിബന്ധനകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | വിദ്യാഭ്യാസ വായ്പ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരിക്കുന്നത് 31.01.2018 ആണ്. 30.01.2018 വരെ elrs.kerala.gov.in എന്ന പോർട്ടൽ വഴി 72067 ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതിനകം ലഭിച്ച അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ സർക്കാരിലേയ്ക്ക് സമർപ്പിച്ചു വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക കണക്കാക്കിയ ശേഷം അനുവദിക്കുന്ന |

| | | |
|---|---|---|
| | | താണ്. പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായത്തിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട എലിജിബിലിറ്റി സർട്ടിഫിക്കറ്റിന്മേൽ വില്ലേജ് ഓഫീസറുടെയും ഗസറ്റഡ് ഓഫീസറുടെയും മേലൊപ്പ് വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ